# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ : 251/1

നമ്മുടെ അധികാരത്തിൽപ്പെട്ട കോട്ടയം-കൊച്ചി ഭദ്രാസനത്തിലെ സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ പ്രിയരെ,

എപ്പിസ്ക്കോപ്പൽ സിനഡിന്റെ ആലോചനപ്രകാരം നമ്മുടെ എപ്പിസ്ക്കോപ്പാമാരുടെ ഭദ്രാസന ചുമതലകളിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് നാം ചെയ്ത തീരുമാനം 2015 ഡിസംബർ 11-ാം തീയതിയിലെ സർക്കുലർ നമ്പർ 239 പ്രകാരം അറിയിച്ചുകൊണ്ടുള്ള കൽപ്പന ലഭിച്ചുവല്ലോ. അതിൻ പ്രകാരം കോട്ടയം-കൊച്ചി ഭദ്രാസന അദ്ധ്യക്ഷനായിരുന്ന ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പാ 2016 ഏപ്രിൽ 1 മുതൽ ചെന്നൈ-ബാംഗ്ലൂർ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുക്കുന്നതാണ്. 2016 ഏപ്രിൽ 1 മുതൽ കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ ചുമതല ഡോ. സഖറിയാസ് മാർ തെയോഫിലൊസ് സഫ്രഗൻ മെത്രാപ്പോലീത്താ ഏറ്റെടുക്കേണ്ടുന്നതായിരുന്നു. എന്നാൽ 2015 ഡിസംബർ 27ന് ഡോ. സഖറിയാസ് മാർ തെയോഫിലൊസ് സഫ്രഗൻ മെത്രാപ്പോലീത്താ ആകസ്മികമായി കാലം ചെയ്തതിനെ തുടർന്ന് സഭാഭരണഘടന വകുപ്പ് 63 പ്രകാരം 2015 ഡിസംബർ 27 മുതൽ തിരുമേനി അദ്ധ്യക്ഷനായിരുന്ന ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ ചുമതല പുതിയ എപ്പിസ്ക്കോപ്പാ അവിടെ ചുമതല ഏൽക്കുന്നതുവരെ നാം ഏറ്റെടുക്കേണ്ടി വന്നു. 2016 ഏപ്രിൽ 1 മുതൽ നിർദേശിക്കപ്പെട്ടിരിക്കുന്ന എപ്പിസ്ക്കോപ്പാ ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ ചുമതലയിൽ പ്രവേശിക്കുന്നതാണ്. എന്നാൽ 2016 ഏപ്രിൽ 1 മുതൽ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പാ കോട്ടയം-കൊച്ചി ഭദ്രാസന ചുമതലയിൽ നിന്നും മാറിപ്പോകുന്ന സാഹചര്യത്തിൽ ഡോ. സഖറിയാസ് മാർ തെയോഫിലൊസ് സഫ്രഗൻ മെത്രാപ്പോലീത്താ കാലംചെയ്തതിനെ തുടർന്ന് ആ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷസ്ഥാനത്തുണ്ടായ ആകസ്മികമായ വിടവ് പരിഹരിക്കുന്നതിന് സഭാ ഭരണഘടന വകുപ്പ് 63 പ്രകാരം 2016 ഏപ്രിൽ 1 മുതൽ ആ ഭദ്രാസനത്തിന്റെയും അതിൽ ഉൾപ്പെട്ടിരിക്കുന്ന സകല സ്ഥാപനകളുടെയും അദ്ധ്യക്ഷസ്ഥാനം മറ്റൊരു ക്രമീകരണം ഉണ്ടാകുന്നതുവരെ മെത്രാപ്പോലീത്താ എന്ന നിലയിൽ നാം ഏറ്റെടുത്തിരിക്കുന്ന വിവരം ഏവരെയും ഇതിനാൽ നാം അറിയിക്കുന്നു. ഈ കാലയളവിൽ ഭദ്രാസന എപ്പിസ്ക്കോപ്പാ എന്ന നിലയിലുള്ള സർവ്വാധികാരങ്ങളും നമ്മിൽ നിക്ഷിപ്തമാണ്.

ഭദ്രാസനത്തിന്റെയും, സ്ഥാപനകളുടെയും ആസ്തി-ബാധ്യതകൾ ഒരു മാസത്തിനകം ക്രോഡീകരിച്ച് നമ്മെ അറിയിക്കേണ്ടുന്നതാണ്. മെത്രാപ്പോലീത്താ, നിരണം-മാരാമൺ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ എന്ന ചുമതലകൾക്കു പുറമേ, ഇപ്പോൾ കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ ചുമതലകൂടി നിർവ്വഹിക്കുന്നതിന് ആവശ്യമായ ദൈവകൃപ ലഭിക്കേണ്ടുന്നതിന് നിങ്ങളേവരും പ്രാർത്ഥിക്കണമെന്ന് ഇതിനാൽ ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങൾ ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2016 മാർച്ച് മാസം 17-ാം തീയതി

J mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**